# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4846 — 24.07.2015 -ൽ മറുപടിക്ക്

## ന്യൂബോൺ സ്ക്രീനിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>,, എം. എ. വാഹിദ് :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, എ. റ്റി. ജോർജ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ന്യൂബോൺ സ്ക്രീനിംഗ് സംവിധാനം എന്ന് മുതലാണ് നടപ്പിലാക്കിത്തുടങ്ങിയത് ; | (എ) 2013 മാർച്ചിലാണ് ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം കേരളത്തിൽ ആരംഭിച്ചത്. |
| (ബി) ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന നാല് മെറ്റബോളിക് / ജനിതക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലും ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.<br>താഴെ പറയുന്ന നാല് രോഗങ്ങൾക്കുള്ള ടെസ്റ്റുകളാണ് ഈ കേന്ദ്രങ്ങളിൽ നടക്കുന്നത്.<br>1. കൺജെനിറ്റൽ ഹൈപ്പോ തൈറോയ്ഡിസം<br>2. കൺജെനിറ്റൽ അഡ്രിനൽ ഹൈപ്പർ പ്ലാസിയ<br>3. ഫിനെയിൽ കിറ്റോന്യൂറിയ<br>4. ജി 6 പി.ഡി. ഡെഫിഷ്യൻസി<br>സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നാൽപ്പത്തിനാല് സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് പി.എച്ച്. ലാബുകളിലേയ്ക്ക് അയയ്ക്കുന്നു. പ്രത്യേകതരം ഫിൽറ്റർ പേപ്പറുകളിൽ ശേഖരിക്കുന്ന രക്തസാമ്പിളുകൾ പി.എച്ച്. ലാബുകളിൽ പരിശോധിച്ച് ആയതിന്റെ റിസൽറ്റ് രക്തസാമ്പിളുകൾ ലഭിച്ച ആശുപത്രി കളിലേയ്ക്ക് ഇ-മെയിൽ വഴിയും ഫോൺ മുഖാന്തിരവും അറിയിക്കുന്നു. റിസൽറ്റ് പ്രകാരം കുഞ്ഞിന് അടിയന്തിര ചികിത്സ |

(......2)

ആശുപത്രികളിൽ നൽകുന്നു. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമാന്ദ്യം പോലുള്ള അവസ്ഥ ഒഴിവാക്കാൻ കഴിയും.

| | |
|---|---|
| (സി) ഈ പദ്ധതി എല്ലാ പി.എച്ച്.സി. കളിലും നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) കേരളത്തിലെ പി.എച്ച്.സി -കളിൽ ഇപ്പോൾ പ്രസവം നടക്കുന്നില്ല. ആയതിനാൽ പി.എച്ച്.സി -കളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ